# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2723** **17.06.2019 ലെ മറുപടി**

## മോദിക്കയം കടലുണ്ടിപ്പുഴയിൽ റഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ :** | | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) 2017-18 ൽ ബജറ്റിൽ പ്രഖ്യാപിച്ച മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മോദിക്കയം കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത ആർ.സി.ബി നിർമ്മാണവുമായി ബന്ധപ്പെട്ട് തത്വത്തിലുള്ള ഭരണാനുമതി നൽകിയതല്ലാതെ മറ്റു നടപടികളാകാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (എ)യും (ബി)യും<br><br>പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ (ഡി. പി. ആർ) KIIDC തയ്യാറാക്കി കിഫ്ബിക്ക് 9.5.2018-ന് സമർപ്പിക്കുകയും കിഫ്ബി ആയതിന്റെ Technical Appraisal Report നല്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് പരിശോധന ഉൾപ്പെടെ മറ്റ് പരിശോധനകൾ നടത്തുകയും ആയവയെല്ലാം KIIDC ൽ നിന്നും കിഫ്ബിയിൽ സമർപ്പിച്ചിട്ടുളളതുമാകുന്നു. കിഫ്ബിയിലെ സാങ്കേതിക വിദഗ്ദർ ഉൾപ്പെടെ പദ്ധതി പ്രദേശം 23.11.2018-ൽ സന്ദർശിക്കുകയും, Topo graphic, Traffic Volume Survey തുടങ്ങിയവ നടത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക മൂല്യനിർണ്ണയ റിപ്പോർട്ട് കിഫ്ബിയിൽ സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ടോ; | (സി) | കിഫ്ബിയുടെ മൂല്യനിർണ്ണയ റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി വരുകയാണ്. |
| (ഡി) പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായുള്ള കിഫ്ബിയുടെ അംഗീകാരം വേഗത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | രേഖകളുടെ പരിശോധന പൂർത്തിയാക്കുന്നതിനനുസരിച്ച് കിഫ്ബിയുടെ അംഗീകാരം നേടിയ ശേഷം സാങ്കേതികാനുമതി നല്കി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**